**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*288

**07-10-2016 ൽ മറുപടിയ്ക്ക്**

**നെൽകൃഷി വികസനം**

**ചോദ്യം**

ശ്രീമതി യു.പ്രതിഭ ഹരി
ശ്രീ. കെ.വി.വിജയദാസ്
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. എം.രാജഗോപാലൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകർഷകരുടെ പ്രശ്നങ്ങൾ നേരിടുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെൽകൃഷിക്ക് വളരെ വലിയ പ്രാധാന്യം നൽകാനുദ്ദേശിച്ച് 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ ഒരു വർഷം നെല്ലിന്റെ വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പി ക്കുവാനും, ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും, നെൽകൃഷിയിൽ നെല്ലിനങ്ങളുടെ വൈവിധ്യ വൽക്കരണത്തിനും, നെല്ലിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി സുസ്ഥിര വിപണി കണ്ടെത്തി നെൽകൃഷി മേഖലയെ സംരക്ഷിക്കുവാനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ- തൊഴിലാളികളുടെ ലഭ്യതകുറവും കൂടിയ കൂലിയും, മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതിനാൽ ശരിയായ സമയത്തുള്ള മഴയുടെ ലഭ്യതകുറവ്, വർദ്ധിച്ച കൃഷി ചെലവ്, ഉൽപന്നങ്ങൾക്ക് ശരിയായ വില ലഭ്യമാകുന്നില്ല എന്നിവയാണ്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 64 അഗ്രോ സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൂടെ വിദഗ്ധരായ പരിശീലനം ലഭിച്ച കർഷക തൊഴിലാളികളുടെയും ആധുനിക |

| | | | |
|---|---|---|---|
| | | | യന്ത്രങ്ങളുടെയും സേവനങ്ങൾ നെൽകർഷകർക്ക് ലഭ്യമാക്കുന്നു. നെല്ലിന് ന്യായമായ വില നൽകി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം നെല്ല് സംഭരിച്ചു വരുന്നുണ്ട്.<br>ഇതിനു പുറമേ സംസ്ഥാന സർക്കാർ വിവിധ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| (ബി) | നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതി 2011-12 ൽ 208161 ഹെക്ടറായിരുന്നത് 2014-15 ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി. 2015-16 ലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 1.94 ലക്ഷം ഹെക്ടർ നെൽകൃഷിയാണ് നിലവിലുള്ളത്. നെല്ലിന്റെ വിസ്തീർണം ഇപ്പോൾ നിലവിലുള്ളതിൽ നിന്നും ഇനിയും കുറയാതിരിക്കാനും പരമാവധി പ്രദേശങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായും അതിലൂടെ നെൽകൃഷി വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷിവികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസനം<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം<br>4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5. കരനെൽകൃഷി വികസനം<br>6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)<br>7. കാർഷിക സൌജന്യ വൈദ്യുതി പദ്ധതി. (നോൺ പ്ലാൻ)<br>8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM)<br>കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും നെൽകൃഷി വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരനെൽകൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2560 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. എന്നാൽ ഇപ്പോൾ 2663 ഹെക്ടർ കൃഷി |

നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കഴിഞ്ഞ 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽകൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽകൃഷി പുനരാരംഭിക്കും.

1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഒരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീട്ടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11/08/2016 പ്രകാരം

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ നെൽ കൃഷിയുടെ വിസ്തൃതി കൂട്ടിയും മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ച് നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിട്ടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ